സംരക്ഷണം കൊടുക്കത്തക്കവിധത്തിലുള്ള ഒരു മറുപടി പറയാൻ മുഖ്യമന്ത്രി തയ്യാറാകാതിരുന്ന സാഹചര്യത്തിൽ ഇതിനോട് എങ്ങനെ സഹകരിക്കാൻ കഴിയും ? മുഖ്യമന്ത്രിയുടെ മറുപടിയിൽ ഞങ്ങൾക്ക് അങ്ങേയറ്റത്തെ രോഷവും പ്രതിഷേധവുമുണ്ട്. മുഖ്യമന്ത്രി ഇപ്പോഴെങ്കിലും വല്ലതും പറയാൻ ഉദ്ദേശിക്കുന്നുണ്ടോ ? ഇല്ല. ഞങ്ങൾ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ബഹു: പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷം ഒന്നടങ്കം സഭയിൽനിന്ന് പുറത്തു പോകുകയും അൽപസമയം കഴിഞ്ഞ് തിരികെ വരികയും ചെയ്തു.)

## VIII അറിയിപ്പ്

മി. സ്പീക്കർ : സി.പി.ഐ. സംസ്ഥാന സെക്രട്ടറി സി. കെ. ചന്ദ്രപ്പന്റെ നിര്യാണവുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ അംഗങ്ങൾക്ക് പങ്കെടുക്കുന്നതിന് സഭാ സമ്മേളനം കഴിഞ്ഞ് ഉച്ചയോടുകൂടി എം.എൽ.എ. ഹോസ്റ്റലിൽനിന്നും രണ്ട് ബസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു എം.എൽ.എ. യോട് ഇങ്ങനെയാണ് പെരുമാറുന്നതെങ്കിൽ ഞങ്ങൾക്ക് ഈ സഭാ നടപടികളുമായി സഹകരിക്കാൻ സാധിക്കില്ല. ഒരു എം.എൽ.എ. ആദ്യമായിട്ടാണ് ഇങ്ങനെയൊരു സംഭവം ഇവിടെ വിശദീകരിക്കുന്നത്. മുമ്പ് ഇതുപോലൊരു സംഭവം ഉണ്ടായപ്പോൾ അത് കേട്ട മാത്രയിൽ ആ പോലീസുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്ത ചരിത്രമാണ് ഈ സഭയ്ക്കുള്ളത്. അതിൽ നിന്ന് വ്യത്യസ്തമായി ....(ബഹളം)......... പണ്ടത്തെ അല്ല, ഞാൻ ആഭ്യന്തര വകുപ്പ് മന്ത്രിയായിരുന്നപ്പോഴുള്ള കാര്യമാണ് പറഞ്ഞത്. ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ വിശദീകരിച്ചപ്പോൾ അന്ന് ഞാൻ ആ പോലീസുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യുന്നു എന്ന് പറഞ്ഞിട്ടുണ്ട്. അതിനെക്കാൾ ഗുരുതരമായ കേസാണ് ഇവിടെ ........(ബഹളം).......

മി. സ്പീക്കർ : യെസ്.....യെസ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : എന്നിട്ട് എം.എൽ.എ. തന്നെ പറയുന്നു ഒരു സി.ഐ. വന്ന് അടിക്കുന്നത് കണ്ടു എന്ന്. ....(ബഹളം)....... അതനുസരിച്ച് ഒരു നടപടിയും എടുക്കുകയില്ല എന്നു പറയുന്നതിന്റെ അർത്ഥം എന്താണ്? സ്പീക്കർ ഇതിൽ ഇടപെടേണ്ട ഒരു പ്രശ്നമാണ്. .......(ബഹളം)................(മൈക്ക് ഓഫ്)...........

മി. സ്പീക്കർ : യെസ്....യെസ് പ്ലീസ് .... പ്ലീസ് ശ്രീ. റ്റി. എൻ. പ്രതാപൻ മുഖ്യമന്ത്രി പറയുന്നുണ്ട്. .........(ബഹളം).........(ബഹളം)......പ്ലീസ്........ പ്ലീസ്.......(ബഹളം)........(ബഹളം)...... യെസ്.....യെസ്..........

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ നടപടി എടുക്കുകയില്ലെന്നല്ല പറഞ്ഞത്. അവിടെ ഇതുസംബന്ധിച്ച എം.എൽ.എ.യുടെ മൊഴിയുണ്ട്, wound certificate ഉണ്ട്. അവിടെ കൊടുത്തിരിക്കുന്ന മൊഴിയും wound certificate ഉം ഇവിടെ പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ പറഞ്ഞ സാഹചര്യത്തിൽ വീണ്ടും ഞാൻ അതെന്തെന്ന് പരിശോധിക്കുമെന്ന് വ്യക്തമായി പറഞ്ഞു. (.....ബഹളം....) പക്ഷേ അവിടെ കൊടുത്ത മൊഴി, wound certificate എന്നിവയാണ് രേഖാമൂലം എനിക്ക് തന്നിട്ടുള്ളത്. അത് പരിശോധിച്ചപ്പോൾ എം.എൽ.എ പറഞ്ഞതിൽനിന്നും വ്യത്യസ്തമാണ്. (.......ബഹളം......) അതുകൊണ്ടാണ് എം.എൽ.എ ഇവിടെ പറഞ്ഞത് മുഖവിലയ്ക്കെടുത്തുകൊണ്ട് എന്താണെന്നുള്ളത് വീണ്ടും പരിശോധിക്കുമെന്ന് ഞാൻ പറഞ്ഞത്. പക്ഷേ ഒന്ന് മനസ്സിലാക്കണം. അവിടെ കൊടുത്ത മൊഴി ഇതല്ല. ... (.....ബഹളം.....) എം.എൽ.എ ഇവിടെ പറഞ്ഞതല്ല അവിടെ കൊടുത്ത മൊഴി. അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞത് ...(ബഹളം)......അത് പരിശോധിക്കുമെന്ന് പറഞ്ഞതല്ലോ. .....(ബഹളം).......അതല്ലാതെ പറ്റില്ല........ (.....ബഹളം....)

മി. സ്പീക്കർ: ശ്രീ. എ. എം. ആരിഫ് അങ്ങ് സംസാരിക്കുന്നുണ്ടോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ. ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ സമ്പൂർണ്ണമായി ബഹിഷ്ക്കരിക്കുകയാണ്. നിങ്ങൾ പാസ്സാക്കിക്കൊള്ളൂ.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ചു)

(ധനകാര്യം) തുടർച്ച

ശ്രീ. സി.പി. മുഹമ്മദ്: സർ, 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ആത്മവിശ്വാസത്തിൽ

10.30 AM] ഉന്നതനായും ആവിഷ്ക്കരണത്തിൽ ഉജ്ജ്വലമായും ആത്മാർത്ഥതയിൽ ഉത്തമനായും അഭിമാനബോധത്തിൽ അദ്വിതീയനായും വിഷയം പഠിച്ചറിഞ്ഞ ഒരാളുടെ സംശയമില്ലായ്മയിൽ ഈ ബഡ്ജറ്റ് മുന്നിൽ നിൽക്കുന്നു. സവ്യസാചിയായ ശ്രീ. കെ. എം. മാണിസാറിന്റെ പത്താമത്തെ ബഡ്ജറ്റ് കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിലെ ഒരു നാഴിക കല്ലായി ഞാൻ കരുതുന്നു. കുടിലതന്ത്രങ്ങളാൽ ഗാഢമന്ത്രം ജപിച്ച കഴിഞ്ഞ അഞ്ചുവർഷത്തെ തകർച്ചയിൽനിന്നുള്ള ഉയിർത്തെഴുന്നേൽപ്പാണ് കഴിഞ്ഞ ബഡ്ജറ്റും ഈ ബഡ്ജറ്റും. കഴിഞ്ഞ അഞ്ചുകൊല്ലം കണക്കപ്പിള്ളയുടെ വീട്ടിൽ വറുക്കലും പൊരിക്കലുമായിരുന്നു. പക്ഷേ കണക്ക് നോക്കിയപ്പോൾ കരച്ചിലും പിഴിച്ചിലുമാണ്. കടം, അപകടം, ചോദിച്ചാൽ സങ്കടം, വാങ്ങിയാൽ അപകടം എന്ന നാട്ടിൻപുറത്തുകാരൻ, ചായക്കടക്കാരന്റെ സാമ്പത്തിക ശാസ്ത്രംപോലും ഉൾക്കൊള്ളാതെയാണ് ഡോ. ടി. എം. തോമസ് ഐസക്, കടം വാങ്ങാത്തതിന് ശ്രീ. കെ.എം.മാണി സാറിനെ കുറ്റം പറയുന്നത്. ഞാൻ ഏതായാലും എന്റെ പ്രസംഗം നീട്ടുന്നില്ല.

എനിക്ക് എന്റെ ജില്ലയും നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട രണ്ടു മൂന്ന് കാര്യങ്ങളെക്കുറിച്ച് പറയാനുണ്ട്. 'നിളനദി'യെക്കുറിച്ച് എത്രയോ തവണ ഈ സഭയിൽ അവതരിപ്പിച്ചതാണ്. 'നിള' എന്നുപറയുന്നത് കേവലം ഒരു നദി മാത്രമല്ല ഒരു സംസ്ക്കാരത്തിന്റെ, ഒരു ജീവിത രീതിയുടെ, ഒരു ഭാഷയുടെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം സമന്വയമാണ് എന്നുള്ളത് എല്ലാവർക്കും അറിയാം. ആ പൈതൃകങ്ങളെ സംരക്ഷിക്കുവാനും 'നിള'യെ മാലിന്യത്തിൽനിന്നും രക്ഷിക്കുവാനും കൽപ്പാത്തി മുതൽ തിരൂർ വരെ നിളയ്ക്കുവേണ്ടി ഒരു പദ്ധതി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ബഹുമാനപ്പെട്ട മാണിസാർ ബഡ്ജറ്റിൽ 10 ലക്ഷം രൂപയാണ് അതിനുവേണ്ടി നീക്കിവച്ചത്. അത് 10 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

രണ്ടാമത്, കഴിഞ്ഞ പത്ത് വർഷമായി ഞാൻ ആവശ്യപ്പെടുന്നതാണ് എന്റെ നിയോജകമണ്ഡലത്തിൽ ഒരു സബ്ട്രഷറി അനുവദിക്കണമെന്നുള്ളത്. പട്ടാമ്പി ട്രഷറിയെ വിഭജിച്ച് കൊപ്പത്ത് ഒരു സബ്ട്രഷറി ആരംഭിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. പട്ടാമ്പി ശ്രീ നീലകണ്ഠ സംസ്കൃത കോളേജിൽ സയൻസ് ബ്ലോക്കും സംസ്കൃത ബ്ലോക്കും നിർമ്മിക്കുന്നതിന് ശ്രീ. കെ. എം. മാണിസാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ അതിന്റെ ടെൻഡർ ചെയ്യുന്നതിനാവശ്യമായ പൈസ തികയില്ല അതുംകൂടി നികത്തിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. പരാജയഭീതികൊണ്ട് പ്രതിപക്ഷം ഈ സമ്മേളനം ബഹിഷ്ക്കരിച്ചുപോയത് വളരെ നിർഭാഗ്യമാണെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. ടി. എ. അഹ്മദ് കബീർ</u>: സർ, ഈ ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. അതിനുകാരണം
10.30 AM] ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിന് ചില പ്രത്യേകതകളുണ്ട്. സാധാരണയായി ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് നല്കാൻ ഭരണഘടന പറയുന്നുണ്ട്. എന്നാൽ ഇവിടെ ഒരു ഫിനാൻഷ്യൽ പ്ലാനിംഗായി മാറി. ഓപ്പറേറ്റിംഗ് ബഡ്ജറ്റ് എന്നതിനപ്പുറം ഒരു ക്യാപ്പിറ്റൽ ബഡ്ജറ്റിന്റെ ഫീച്ചേഴ്സുള്ള ഒന്നാണിത്. അതാണ് ഏറ്റവുമധികം ശ്രദ്ധിക്കേണ്ട സംഗതി. നിരാശ വിതറാനല്ല ഇവിടെ ശ്രമിച്ചത്, മറിച്ച് പ്രത്യാശ നൽകുന്ന ഒരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചു. ഒരു നല്ല സാർത്ഥവാഹക സംഘത്തിന്റെ സന്ദേശം ഈ ബഡ്ജറ്റ് നൽകുമ്പോൾ കേരളത്തിലെ യുവജനങ്ങളും സ്ത്രീകളും കേരളത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ ജനങ്ങളിലും പ്രത്യാശയാണ് പകരുന്നതെന്ന് പറയേണ്ടിവരും. ഈ ഉപധനാഭ്യർത്ഥനകളെ നമ്മൾ സ്വാഭാവികമായും പിന്തുണയ്ക്കേണ്ടിവരികയാണ്. രാപ്പാടിയ്ക്ക് അതിന്റെ സ്വരമാധുരി മാറ്റാൻ നമ്മൾ എത്രപ്രാവശ്യം അപേക്ഷിച്ചാലും കഴിയാത്തതുപോലെ ഈ ജനപക്ഷ നയത്തിൽ നിന്ന് യു.ഡി.എഫി-ന് പിന്മാറാൻ കഴിയില്ലായെന്ന് കൃതഹസ്തനും പ്രത്യുല്പന്നമതിയുമായ ഒരു ധനകാര്യ വകുപ്പ് മന്ത്രി അർത്ഥശങ്കയ്ക്കിടനൽകാത്തവിധം പ്രഖ്യാപിക്കുന്നുവെന്നുള്ളതാണ് ഇതിലെ ഏറ്റവും മൗലികമായ വശം. എന്താണ് നേടാനുള്ളത് എന്നതിനെക്കുറിച്ച് വ്യക്തമായ ഒരു വീക്ഷണം നമുക്കതിൽ കാണാം. അതുമാത്രമല്ല, എങ്ങനെയാണ് നേടിയെടുക്കേണ്ടത് എന്നതിനെക്കുറിച്ച് വ്യക്തമായ പരിപാടികളും അതിലുണ്ട്. അതിന്റെ അർത്ഥം ബഡ്ജറ്റും പ്ലാനിംഗും വളരെയധികം സന്തുലിതമാകണമെന്നും എന്നാൽ നിർവ്വഹണരംഗത്ത് അച്ചടക്കം വേണമെന്നും ഈ ബഡ്ജറ്റ് നമ്മളോട് വിളിച്ച് പറയുന്നുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമഗ്രമായ



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പുരോഗതിയിൽ ഫണ്ടിംഗിലും സ്പെൻഡിംഗിലുമുള്ള ഡൈനാമിക്സ് വളരെ അർത്ഥപൂർണ്ണമായി ഈ ബഡ്ജറ്റിൽ സന്നിവേശിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതുകൊണ്ടാണ് നമ്മൾ ഇതിനെ അനുകൂലിക്കുന്നത്.'Get implementation Right' എന്ന് സായിപ്പൻമാർ പറയുന്നതുപോലെ ഈ കാര്യങ്ങളെല്ലാം നേടിയെടുക്കാൻ കഴിയുന്ന വളരെ സന്ദർഭോചിതമായ, പ്രായോഗികമായ ഒരു വീക്ഷണമാണ് ഇവിടെ ഉരുത്തിരിഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ ബഡ്ജറ്റ് കേരളത്തിന്റെ പൊതുജീവിതത്തിൽ അർത്ഥപൂർണ്ണമായ മാറ്റങ്ങളുണ്ടാക്കും. ആ മാറ്റം യാഥാർത്ഥ്യബോധമുള്ളതും എല്ലാവരെയും ഉൾക്കൊള്ളുന്നതും അളന്നെടുക്കാൻ കഴിയുന്നതും എല്ലാ വിഭാഗം ആളുകൾക്കും നേടാൻ കഴിയുന്നതുമായ രീതിയിലാണ് ഇവിടെ സംവിധാനം ചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ ബഡ്ജറ്റ് കേവലം ഒരു ഓപ്പറേറ്റിംഗ് ബഡ്ജറ്റ്, മാത്രമല്ല, ഒരു ആനുവൽ ഫൈനാൻസ് സ്റ്റേറ്റുമെന്റ് എന്നതിനപ്പുറം ഒരു ക്യാപ്പിറ്റൽ ബഡ്ജറ്റിന്റെ ഉന്നതമായ ഫീച്ചേഴ്സ് ഉൾക്കൊള്ളുന്നുവെന്നുള്ളതുകൊണ്ട് നമുക്ക് ഈ 12-ാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തെ ബഡ്ജറ്റ് എന്ന നിലയ്ക്ക് അടുത്ത അഞ്ച് വർഷക്കാലംകൊണ്ട് കേരളത്തെ അഴിച്ചുപണിയാൻ സാധിക്കും. അതുവഴി 2030 ആകുമ്പോഴേയ്ക്ക് കേരളക്കരയെ സമ്പന്നമായൊരു സംസ്ഥാനമാക്കി മാറ്റാൻ കഴിയുന്നതാണ്. നമ്മുടെ ചെറുപ്പക്കാർക്കും സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട മുഴുവൻ ജനങ്ങൾക്കും സന്തോഷം പകരുന്ന ഒരു ഭാവി കേരളം കെട്ടിപ്പടുക്കാൻ ഈ നിർദ്ദേശങ്ങൾ സഹായകമാണെന്നുള്ളതുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഈ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. പി.സി. ജോർജ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ
10.40.AM] അനുകൂലിക്കുകയാണ്. പ്രിയങ്കരനായ കെ. എം. മാണിസാർ 19-ാം തീയതി അദ്ദേഹത്തിന്റെ പത്താമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചു. അദ്ദേഹം ഇന്നലെ 11-ാമത്തെ ബഡ്ജറ്റുകൂടി അവതരിപ്പിച്ചുവെന്ന അഭിപ്രായമാണെനിക്കുള്ളത്. 19-ാം തീയതി അവതരിപ്പിച്ച പത്താമത്തെ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ ആനുകൂല്യങ്ങൾ വാരിവിതറിക്കൊണ്ട് 11-ാമത്തെ ബഡ്ജറ്റാണ് കെ. എം. മാണിസാർ ഇന്നലെ അവതരിപ്പിച്ചതെന്ന അഭിപ്രായത്തിലാണ് ഞാൻ നിൽക്കുന്നത്. സ്വാഭാവികമായും മനസ്സാക്ഷിയുള്ള കേരളീയജനസമൂഹം കെ. എം. മാണിസാറിനെയും ഉമ്മൻചാണ്ടി ഗവൺമെന്റിനെയും പ്രത്യേകമായി അഭിനന്ദിക്കുമെന്ന അഭിപ്രായമാണുള്ളത്. അപ്പോഴാണ് ജനം തിരസ്കരിച്ച ഇടതുപക്ഷമെന്ന പേരുള്ള ഫാസിസ്റ്റ് മുന്നണിയുടെ പ്രതിനിധികൾ ഇവിടെ നിന്ന് വാക്കൗട്ട് നടത്തി പോയിരിക്കുന്നത്. അതൊരു ഫാസിസ്റ്റ് മുന്നണിയാണ്. അവിടെ കമ്മ്യൂണിസം നിലവിലില്ല.

ഇവിടത്തെ plan expenditure 100 ശതമാനം, ഏത് ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുണ്ട്? കഴിഞ്ഞ ഗവൺമെന്റിന്റേത് എന്തായിരുന്നു? അഭിമാനബോധത്തോടുകൂടി ധനകാര്യ വകുപ്പുമന്ത്രിക്ക് ജനങ്ങളെ അഭിമുഖീകരിക്കാൻ കഴിയുന്ന അവസരം അദ്ദേഹം ഉണ്ടാക്കിയിരിക്കുകയാണ്. ഇനി വളരെ ചുരുക്കം ദിവസമേയുള്ളൂ, ടാക്സ് വരുമാനം ടാർജറ്റിൽ എത്തിക്കുന്നതിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പും മന്ത്രിയും പരിപൂർണ്ണമായി വിജയിച്ചിരിക്കുന്നുവെന്ന്

Page 5 of 16

പറയുമ്പോൾ അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ എങ്ങനെ കഴിയും ? അതുപോലെ Revenue Expenditure നോക്കാം. ഫിനാൻസ് കമ്മീഷൻ നിർദ്ദേശിച്ചിരിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ആ Revenue expenditure-നെയും നിയന്ത്രിച്ചു നിർത്താൻ കഴിഞ്ഞുവെന്നത് അദ്ദേഹത്തിന്റെ ഒരു പ്രത്യേക കഴിവായി ഞാൻ കാണുകയാണ്. അല്ലാതെ എന്റെ നേതാവ് എന്ന നിലയിലല്ല. ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ നിയന്ത്രിച്ചുകൊണ്ട് ഈ നിലയിലേക്ക് പോകാൻ കഴിഞ്ഞുവെന്നത് അദ്ദേഹത്തിന്റെ പ്രത്യേക കഴിവായിത്തന്നെ ഞാൻ കാണുന്നു. അതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നുവെന്ന് പറയാൻ കാര്യം.

ഇപ്പോൾ കേരളത്തിൽ വലിയൊരു സമരം നടക്കുകയാണ്. ഇത്രയും നല്ല ബഡ്ജറ്റ്, അതുപോലെ മുഖ്യമന്ത്രിയുടെ പ്രകടനം, മറ്റ് മന്ത്രിമാരുടെ സമീപനങ്ങൾ, പിറവം ഉപതെരഞ്ഞെടുപ്പ്, വരാൻ പോകുന്ന നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പ്, ഈ വക കാര്യങ്ങളൊക്കെ ജനങ്ങളിൽ എത്തരുതെന്ന് ഏറ്റവും അധികം നിർബന്ധമുള്ളത് ഇപ്പോൾ വാക്കൗട്ട് നടത്തിപ്പോയ ഫാസിസ്റ്റ് മുന്നണിയുടെ പ്രവർത്തകർക്കാണെന്നതിൽ ഒരു സംശയവുമില്ല. സംസ്ഥാനത്ത് സമരം നടക്കുകയാണ്. പത്രവിതരണത്തിന്റെ സമരമാണ് നടക്കുന്നത്. സി.ഐ.ടി.യു. സമരം നടത്തുകയാണ്. 'നേരറിയാൻ നേരത്തെ അറിയാൻ' നുണമാത്രമെഴുതുന്ന പത്രമായ ദേശാഭിമാനി പത്രമല്ലാതെ കേരളത്തിൽ വേറൊരു പത്രവും പാടില്ലെന്ന നിലയിലാണ്. മറ്റുമുഴുവൻ പത്രങ്ങളും കൊണ്ടുവരും. ദേശാഭിമാനിയാണെങ്കിൽ ഇട്ടോ ബാക്കി മലയാള മനോരമ, മാതൃഭൂമി, മംഗളം, ദീപിക തുടങ്ങി മറ്റെല്ലാ പത്രങ്ങളും കളയാനാണ് പറയുന്നത്. ഇതെന്തൊരു മര്യാദയാണ്? ദി ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ്സ് തുടങ്ങി ഒരു പത്രവും ഇടാൻ സമ്മതിക്കില്ല. ദേശാഭിമാനി പത്രമാണെങ്കിൽ ഇട്ടോളാനാണ് പറയുന്നത്. ഇല്ലെങ്കിൽ തടയും. പത്ര വിതരണരംഗത്തുള്ള 95 ശതമാനം ആളുകളും ഈ സമരമുഖത്തില്ല. വെറും 5 ശതമാനം സഖാക്കന്മാരെ പിടിച്ചുകൊണ്ട് കേരളത്തിലെ അറിയാനുള്ള അവകാശത്തെ തടയുന്ന ഈ ഫാസിസ്റ്റ് മുന്നണിയുടെ സമീപനത്തിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഈ ഗവൺമെന്റിനോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഒരു പത്ര വിതരണക്കാരൻ പത്രം കൊടുക്കാൻ തയ്യാറായാൽ അവന്റെ ഭാര്യയേയും മക്കളേയും ഭീഷണിപ്പെടുത്തുന്ന നിലയിലേയ്ക്ക് ഈ ഫാസിസ്റ്റ് ചിന്താഗതിക്കാർ നീങ്ങിയിരിക്കുന്നുവെന്ന് പറയുമ്പോൾ എവിടംവരെ എത്തും ? പത്ര സ്വാതന്ത്ര്യത്തെ തടയുന്ന നിലയിലേയ്ക്ക് നീങ്ങിയിരിക്കുന്ന ഈ കക്ഷികളെ മര്യാദയ്ക്ക് നിർത്താനുള്ള ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണമെന്നും ആ കാര്യത്തിൽ ന്യായമായ സമീപനം സ്വീകരിക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. ഇവിടെ മുസ്ലീംലീഗിനെപ്പറ്റി സംസാരിക്കുമ്പോൾ നമ്മുടെ സഖാക്കന്മാർ ചോദിക്കുന്നത് ഇത് അഖിലേന്ത്യാപാർട്ടിയാണോ; ഇതൊരു പ്രാദേശിക പാർട്ടിയല്ലേ എന്നാണ്. ബഹുമാനപ്പെട്ട മാർക്സിസ്റ്റ് പാർട്ടിയെന്ന് പറയുന്ന ഈ ഫാസിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരോട് വിനയത്തോടുകൂടി ചോദിക്കുന്നു, നിങ്ങൾക്ക് ഓൾ ഇന്ത്യാ പാർട്ടിയെന്ന് പറയാൻ അവകാശമുണ്ടോ ? സി.പി.എം.നെ എങ്ങനെ ഓൾ ഇന്ത്യാ പാർട്ടിയെന്ന് പറയാൻ കഴിയും ? ശ്രീ. പ്രകാശ് കാരാട്ടിന് അവിടെ ജയിക്കണമെങ്കിൽ

കൈ പൊക്കാനുള്ളത് ആരാണ്? പിണറായി ഉൾപ്പെടെയുള്ള കേരളത്തിലെ പാർട്ടി കോൺഗ്രസ്സിലെ അംഗങ്ങൾ മാത്രമാണ്. ബംഗാൾ ഘടകം നോക്കാം. ബംഗാൾ ഘടകം ഇപ്പോൾ എന്ത് പറയുന്നു? ബുദ്ധദേവ് ഭട്ടാചാര്യപോലും പാർട്ടി കോൺഗ്രസ്സിൽ പങ്കെടുക്കുന്നില്ലായെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ബംഗാൾ ഘടകം പോലും തകർന്നിരിക്കുന്നു. മാർക്സിസം അവിടെ തകർന്നിരിക്കുന്നു. സി.പി.എം. ഫാസിസ്റ്റ് കേന്ദ്രമായി മാറിയിരിക്കുന്നു. ജീർണ്ണത ബാധിച്ച നേതൃത്വത്തിന്റെ കൈകളിലേക്ക് ഓൾ ഇന്ത്യാ എന്ന് പറയുന്ന പ്രകാശ് കാരാട്ട് പോലും ചെന്നെത്തിനിൽക്കുന്നുവെന്ന് പറയുമ്പോൾ കമ്മ്യൂണിസം എവിടെ പോയി? അപ്പോൾ അഖിലേന്ത്യാ പാർട്ടിയെന്ന് പറയാനുള്ള അവസരം പോലും സി.പി.എം.-ന് നിഷേധിക്കപ്പെട്ടിരിക്കുന്ന സാഹചര്യമുണ്ട്. ഇക്കാര്യം അവർ ഇനിയെങ്കിലും അറിയണമെന്നാണ് എനിക്ക് പറയാനുള്ളത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ കേരളത്തിൽ ജീവിച്ചിരുന്ന മനസ്സാക്ഷിയുള്ള, ജീർണ്ണത ബാധിക്കാത്ത വളരെ ചുരുക്കം നേതാക്കളിൽ ഒരാളായ പ്രിയങ്കരനായ സി.കെ. ചന്ദ്രപ്പൻ സഖാവ് നമ്മെ വിട്ടുപിരിഞ്ഞിരിക്കുകയാണ്. ആ സാഹചര്യത്തിൽ ആ പാർട്ടിയുടെ ഗതി എന്താകുമെന്നതും ഞാൻ വേദനയോടുകൂടി ചിന്തിക്കുകയാണ്. സി.പി.ഐ-ൽ ജീർണ്ണത ബാധിക്കാത്ത നേതാക്കന്മാർ ഉണ്ടായിരുന്നു. ആ നേതാക്കന്മാരിലെ അഗ്രഗണ്യനായ വ്യക്തിയും നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നുയെന്നതിൽ നമ്മൾ ദുഖിതരാണ്. ആ നിലയ്ക്ക് ഫാസിസം അങ്ങോട്ടുകൂടി കടന്നുചെന്നാൽ കേരളത്തിലെ സാധാരണക്കാരനും പാവപ്പെട്ടവനും തൊഴിലാളി വർഗ്ഗത്തിനും പിന്നാക്കക്കാരനും പാർശ്വവൽക്കരിക്കപ്പെട്ടവനും പട്ടികജാതിക്കാരനും പട്ടികവർഗ്ഗക്കാരനും വിശ്വസിക്കാൻ കൊള്ളാവുന്ന നേതൃത്വമില്ലാത്ത നിലയിലേക്ക് കമ്മ്യൂണിസ്റ്റ് പാർട്ടികൾ മാറിയിരിക്കുന്നുവെന്ന് പറയേണ്ട സാഹചര്യം ഇവിടെ വന്നിരിക്കുന്നു. ഈ സാഹചര്യത്തിലാണ് പ്രിയങ്കരനായ ശ്രീ. എ. കെ. ആന്റണിയെ പോലുള്ള പ്രഗത്ഭന്മാരായ നേതാക്കന്മാർ നേതൃത്വം കൊടുക്കുന്ന, കേന്ദ്രഗവൺമെന്റും ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റും മുന്നണിയും ജനങ്ങളുടെ വിശ്വാസമാർജിച്ച് മുന്നോട്ടുപോകുന്നത്. ഞാൻ പ്രാദേശികമായ ഒരു കാര്യം പറയുന്നതുകൊണ്ട് തെറ്റിദ്ധരിക്കരുത്. മൂവാറ്റുപുഴ റിവർ വാലി ഞാനുമായി ബന്ധപ്പെട്ട പ്രദേശമല്ലെങ്കിലും ഞാൻ അറിയുന്ന പ്രദേശമാണ്. മൂവാറ്റുപുഴ റിവർ വാലിയുടെ പ്രോജക്ട് പൂർണ്ണമാകാൻ പോകുകയാണ്. മൂവാറ്റുപുഴ റിവർ വാലി ഈ വർഷം പൂർത്തീകരിക്കപ്പെടണം, അതിന് അൽപ്പം പണംകൂടി കൊടുക്കാനുള്ള സന്മനസ്സ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അതുപോലെ തന്നെ വിദ്യാഭ്യാസ ലോണിന്റെ കാര്യവും. അങ്ങ് ചെയ്യുന്ന മഹത്തായ സേവനത്തെ ബഹുമാനത്തോടുകൂടി കാണുന്നു. 2003 എന്ന് പറഞ്ഞത് ശരിയല്ല. ഞാൻ ഇന്ന് പരിശോധിച്ചപ്പോഴും 2001 ആണ്. 2001 മുതൽ എടുത്ത വിദ്യാഭ്യാസ ലോണിന്റെ പലിശ എഴുതിത്തള്ളാൻ സൻമനസ്സ് ഉണ്ടാകണം. 2003 എന്നത് തിരുത്തി 2001 ആക്കി, ആ പലിശ എഴുതി തള്ളുന്ന നടപടി സ്വീകരിച്ച് 3 കോടി ജനങ്ങളുടേയും പ്രിയങ്കരനായ നേതാവായി കെ. എം. മാണിസാർ മാറണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അങ്ങയെ അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 7 of 16

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : സർ, ഇത് 3381 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ്.

10.40 AM] ഓതറൈസേഷൻ കൊടുത്തതാണ്. 1432 കോടി രൂപ ഇനിയും ഈ വർഷം പ്രതീക്ഷിക്കുന്ന അധിക ചെലവുകളാണ്. ഈ ഉപധനാഭ്യർത്ഥനയിൽ പ്രധാനമായും പെൻഷനും മിസലേനിയസ് ഐറ്റത്തിനുംവേണ്ടിയുള്ളത് 1190 കോടി രൂപയാണ്. പി.ഡബ്ല്യു.ഡി.-ക്ക് 760 കോടി രൂപയും സാമൂഹ്യക്ഷേമത്തിന് 398 കോടിരൂപയുമാണ് ചോദിച്ചിരിക്കുന്നത്. ഒരു കാര്യം അഭിമാനത്തോടെ പറയട്ടെ, ഈ വർഷത്തെ സംബന്ധിച്ചിടത്തോളം യു.ഡി.എഫ് ഗവൺമെന്റിന് പ്ലാൻ എക്സ്പെൻഡിച്ചർ 100 ശതമാനവും ചെലവഴിച്ചുവെന്നുള്ളത് വലിയ അഭിമാനമാണ്. ഇവിടെ ശ്രീ. ടി.എ. അഹമ്മദ് കബീർ പറഞ്ഞതുപോലെ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചറിന് വാസ്തവത്തിൽ വലിയൊരു ബൂസ്റ്റാണ് ഈ ഗവൺമെന്റ് കൊടുത്തിരിക്കുന്നത്. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ അവസാന വർഷം 2010-11-ൽ ആകെ ചെലവിൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 8.67 ശതമാനം ആയിരുന്നുവെങ്കിൽ, 2011-12-ൽ, ഈ നടപ്പുവർഷം 9.71 ശതമാനമായി ഉയർന്നു. അതായത്, ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 8.67-ന്റെ സ്ഥാനത്ത് ഒരു ശതമാനത്തിലേറെ ഉയർന്ന് 9.71 ശതമാനമായി. അടുത്ത വർഷം ഏതാണ്ട് 12 ശതമാനമാണ് നമ്മൾ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. അപ്പോൾ ആ നിലയ്ക്ക് വികസനത്തിന് അങ്ങേയറ്റം പ്രാധാന്യം നൽകുന്ന ഒരു ഗവൺമെന്റാണ് ഇന്നിവിടെ ഭരിക്കുന്നതെന്ന് പറയുവാൻ എനിക്ക് അത്യധികമായ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് പറഞ്ഞകാര്യം വളരെ വിലപ്പെട്ടതാണ്. 'നിള' കേവലം ഒരു നദി മാത്രമല്ല. കേരള സംസ്കാരത്തിന്റെ കേദാരഭൂമിയാണ്. കൽപ്പാത്തി മുതൽ തിരൂർ വരെയുള്ള 'നിള' യുടെ സാഹിത്യ പാരമ്പര്യം, വൈദ്യപാരമ്പര്യം, കലാപാരമ്പര്യം ഇവയെ പരിപോഷിപ്പിക്കുന്നതിനും ഒരു യഥാർത്ഥ നദിയുടെ പാരമ്പര്യം നിലനിർത്തുന്നതിനും 'നിള' ടൂറിസം പദ്ധതിക്കുവേണ്ടി 10 കോടി രൂപയാണ് ബഹുമാനപ്പെട്ട ശ്രീ. സി.പി. മുഹമ്മദ് ചോദിച്ചത്. ഞാൻ ഇപ്പോൾ കോടിയൊന്നുമല്ല പറയുന്നത്, എത്ര കോടി രൂപ വേണ്ടോ, അത്രയും രൂപ ഗവൺമെന്റ് ഇതിനുവേണ്ടി തരുമെന്ന് വ്യക്തമാക്കുകയാണ്. രണ്ടാമത് ഒരു കാര്യവുംകൂടി പറയാൻ ആഗ്രഹിക്കുന്നത് ഗുരുവായൂർ-തൃശ്ശൂർ റോഡും പുണ്ടൽ-ഗുരുവായൂർ 7 മീറ്റർ റോഡും നാലുവരി പാതയാക്കണമെന്ന് ബഹുമാനപ്പെട്ട പി. എ. മാധവൻ ആവശ്യപ്പെടുകയുണ്ടായി. ഇത് സപ്ലിമെന്ററി ഡിമാന്റാണ്. അതുകൊണ്ട് ഇന്നിവിടെ വച്ച് തുകയൊന്നും പറയുന്നത് ശരിയല്ല. പക്ഷേ ഒരു കാര്യം ഞാൻ പറയട്ടെ, ഈ വർക്കിന് ഗവൺമെന്റ് മുൻഗണന കൊടുക്കുന്നതാണെന്ന് പ്രത്യേകം പറയുന്നു. എറണാകുളം ടൗൺ കേരളത്തിന്റെ വാണിജ്യ തലസ്ഥാനമാണ്. അവിടെ വെള്ളക്കെട്ടാണെന്ന് ശ്രീ. ബെന്നി ബെഹനാൻ പറയുന്നു. അത് ശരിയാണ്. അവിടെ കൊതുകിന്റെ ആവാസകേന്ദ്രമാണ്. നമുക്കതിന് പരിഹാരമുണ്ടാക്കണം. വെള്ളക്കെട്ട് പരിഹരിക്കുന്നതിനുവേണ്ടി എന്തു പ്രോജക്ട് വന്നാലും മുൻഗണന കൊടുക്കുന്നതാണ്. ശിവഗിരി കൺവെൻഷൻ സെന്ററിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ സഹായം ഈ സർക്കാർ കൊടുക്കുന്നതാണ്. അതിന്റെ ചെലവുകൾക്കാവശ്യമായ സപ്പോർട്ട് ഗവൺമെന്റ് കൊടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.സി. ജോർജ്: സർ, വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട ജപ്തി നടപടികൾ.......(മൈക്ക് ഓഫ്).

ശ്രീ. കെ.എം. മാണി: ഇത് ഗവൺമെന്റ് ഏറ്റെടുക്കുമെന്ന് പറഞ്ഞതുകൊണ്ട് ജപ്തി നടപടികൾ വേണ്ടെന്ന് വയ്ക്കുകയാണ്; ജപ്തി നടപടികൾ നമുക്ക് ആവശ്യമില്ല.

മി. സ്പീക്കർ: ഇത് സപ്ലിമെന്ററി ഗ്രാന്റിനുള്ള ചർച്ചയാണ്. അദ്ദേഹം ഉദാരമനസ്കനായതുകൊണ്ട് ഓരോരുത്തരും എഴുന്നേറ്റ് കോടികൾ ചോദിച്ചാൽ ഒരു ഗവൺമെന്റിനത് തരാൻ പറ്റുമോ?

ശ്രീ. മോൻസ് ജോസഫ്: സർ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് കമ്മീഷൻ ചെയ്യാൻ പോവുകയാണ്. അന്തിമഘട്ടത്തിലേക്ക് വന്നിരിക്കുകയാണ്. അതിനുള്ള തുക മാറ്റിവച്ചില്ലെങ്കിൽ കമ്മീഷൻ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ട്. ഞാൻ പ്രസംഗത്തിൽ പറഞ്ഞു, ബഹുമാനപ്പെട്ട പി. സി. ജോർജ് ചൂണ്ടിക്കാണിച്ചു, ശ്രീ. ജോസഫ് വാഴക്കൻ പറയാൻപോകുന്നു. അത് പൂർത്തീകരിക്കുന്നതിനാവശ്യമായ ക്രമീകരണംകൂടി ചെയ്യണം.

ശ്രീ. കെ. എം. മാണി: സർ, ശ്രീ. ജോസഫ് വാഴക്കനും അതുപോലെ ശ്രീ. മോൻസ് ജോസഫിനും മാത്രമല്ല മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് കെ. എം. മാണിക്കും വളരെ താല്പര്യമുണ്ട്. അതുകൊണ്ട് അതിൽ ഒരു വിഷമവും വിചാരിക്കണ്ട. പണത്തിന്റെ കുറവ് ഈ പദ്ധതികൾക്കൊന്നും ഉണ്ടാവുകയില്ല. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സംസ്ഥാനഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,26,94,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,61,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,42,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,33,31,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 11,18,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,41,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 14,05,89,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Page 10 of 16

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 67,04,49,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 85,69,48,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,89,38,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 760,18,24,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 68,21,69,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യ സഹായവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 101,86,43,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 56,95,88,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,28,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 47,02,34,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 18,55,47,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,32,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,32,95,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 110,02,18,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റുപിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,04,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 48,29,10,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 26,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,48,26,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ 

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 398,69,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,87,65,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ)

**ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ**

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,44,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,14,70,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,20,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,74,24,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,07,73,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1178,73,41,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,92,84,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 83,35,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു;

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly